ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) ഒരു ജില്ലയിൽ ഉള്ള രൂട്ടുകളിൽ മാത്രം ഓടുന്നതിനു് ജില്ലാ ടൗൺസ്റ്റോട്ടു് അതോറിട്ടിയുടെ സെക്രട്ടറിയുടെ അനുമതിനിന്നും, ഒന്നിലധികം ജില്ലകളിലെ രൂട്ടുകളിൽ ഓടുന്നതിനു് സ്റ്റേറ്റു് ടൗൺസ്റ്റോട്ടു് അതോറിട്ടിയുടെ അനുമതിനിന്നും.

(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

WRITTEN ANSWERS.

കയർ വ്യവസായ വികസനം.

* 1488. [22] ശ്രീമതി ശാരദാ കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കയർ വ്യവസായം മലബാറിൽ പ്രോത്സാഹിപ്പിക്കുവാൻ ഈ ഗവണ്മെൻറു് എന്തൊക്കെ നടപടികളാണു് എടുത്തിട്ടുള്ളതു് ;

(ബി) എത്ര സഹകരണസംഘങ്ങൾ മലബാറിൽ പ്രവത്തിക്കുന്നുണ്ടു് ?

(സി) തൊഴിലാളികളുടെ കൈയിൽനിന്നു് ഷെയർ പിരിച്ചിട്ടും സഹകരണസംഘങ്ങൾ തുടങ്ങാതെയുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്തെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുമോ ?

തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക, സഹകരണസംഘങ്ങൾക്കു് ഓഹരിമൂലധനം മൂലധനം മുതലായവ കടമായി അനുവദിക്കുക, ഗ്രാൻറു് കൊടുക്കുക മുതലായവയാണു്.

(ബി) 65.

(സി) ഇതിനെക്കുറിച്ചു് വിവരമില്ല. ഷെയർ പിരിച്ചെടുത്തതു കൊണ്ടുമാത്രം സംഘം രജിസ്റ്റർ ചെയ്യണമെന്നില്ല.

കയർ സഹകരണസംഘങ്ങൾ.

* 1489. [40] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) 1958-59-ൽ കൊല്ലം ഡിസ്ട്രിക്ടിൽ എത്ര കയർ സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തു ;

(ബി) ഓഹരി ഇനത്തിൽ എത്ര രൂപ സംഘത്തിനു മൂലധനമുണ്ടു് ;

(സി) ലോൺ ഇനത്തിൽ എത്രലക്ഷംരൂപ സംഘത്തിനു കൊടുത്തു ;

(ഡി) ലോൺ കൊടുത്തിട്ടുള്ള സംഘങ്ങളുടെ പേരുവിവരവും, കൊടുക്കാതിരിക്കുന്ന സംഘങ്ങളുടെ പേരുവിവരവും ദയവായി പറയാമോ ?

തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) :

(എ) നാലു്.
(ബി) 8,910 രൂ.
(സി) 40,000 രൂ.

(ഡി) ഞാറയ്ക്കൽ, നടുവിലച്ചേരി, പടിഞ്ഞാറെ കൊല്ലം, വെളിമൺ എന്നീ നാലു കയർവ്യവസായ സഹകരണസംഘങ്ങൾക്കു ലോൺ കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly